പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1525 — 02.07.2015 ലെ മറുപടിയ്ക്ക്

**സംയോജിത കാർഷിക വികസന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ ; | (എ) സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതി 2012-13 വർഷം മുതൽ നടപ്പിലാക്കി വരികയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ പദ്ധതി നടത്തിപ്പിലൂടെ സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ ; | (ബി) ഉണ്ട്. |
| (സി) ഏതെല്ലാം വിളകളുടെ ഉൽപ്പാദനമാണ് ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (സി) നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ, വിവിധയിനം കിഴങ്ങുവർഗ്ഗവിളകൾ എന്നിവ കൂടുതൽ ഉല്പാദിപ്പിക്കുവാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) ഇതിനായി 2012-13-ലും തുടർന്നുള്ള ബഡ്ജറ്റിലും എന്ത് തുക നീക്കിവച്ചിരുന്നു; ഇവയോരോന്നിന്റെയും ചെലവ് സംബന്ധിച്ച വിശദാംശം നൽകാമോ ? | (ഡി) സംയോജിത കാർഷിക വികസന പദ്ധതിയ്ക്കായി 2012-13-ലും തുടർന്നുള്ള ബഡ്ജറ്റിലും നീക്കിവച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | സാമ്പത്തിക വർഷം | നീക്കി വച്ച തുക (ലക്ഷം രൂപയിൽ) | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | 2012-13 | 9406.70 | 9366.70 |
| 2. | 2013-14 | 10650.00 | 10239.12 |
| 3. | 2014-15 | 9752.00 | 9226.02 |
| 4. | 2015-16 | 9782.00 | (പദ്ധതി നടപ്പിലാക്കി വരുന്നു) |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

സംയോജിത കാർഷിക വികസന പദ്ധതി പ്രകാരം നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകളുടെ ഉല്പാദന വർദ്ധനവിനായി ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

**നെൽകൃഷി വികസനം**

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രോത്സാഹിപ്പിക്കാൻ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം, പ്രത്യേക ഇനം (ഉദാ : ഞവര, പൊക്കാളി) നെല്ലുകളുടെ വികസനം എന്നിവയ്ക്കായി ധനസഹായം നൽകി വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഇവയ്ക്ക് പുറമെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക തുകയും നീക്കി വച്ചിട്ടുണ്ട്.

**പച്ചക്കറി വികസനം**

പരമ്പരാഗത കർഷകർക്കു പുറമെ വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സർക്കാരിതര സംഘടനകൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ജനശ്രീ പോലുള്ള സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ളവരെയും യോജിപ്പിച്ചുകൊണ്ട് അവർക്കനുയോജ്യമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പരമ്പരാഗത കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിലും വ്യക്തിഗതമായും കൃഷി ചെയ്യു വിസ്തൃതിയനുസരിച്ച് ആനുകൂല്യം നൽകി വരുന്നു.

**പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ**

പയർ വർഗ്ഗങ്ങൾ കൂടുതൽ കൃഷി ചെയ്യുന്ന പാലക്കാട് ജില്ലയിലും കിഴങ്ങു വർഗ്ഗ കൃഷി വികസനത്തിനും പ്രത്യേക ധനസഹായം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**